**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1061** **29-06-2026-ൽ മറുപടിയ്ക്ക്**

**<u>ഹയർസെക്കൻഡറി സ്കൂളുകളിൽ മിനിസ്റ്റീരിയൽ സ്റ്റാഫിന്റെ അഭാവം</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. മനോജ് മൂത്തേടൻ

ശ്രീ. എൻ. ഷംസുദ്ദീൻ
(പൊതുവിദ്യാഭ്യാസ-ന്യൂനപക്ഷ ക്ഷേമ വകുപ്പ് മന്ത്രി)

**(എ)** സർക്കാർ, എയ്ഡഡ് ഹയർ സെക്കന്ററി സ്കൂളുകളിൽ സ്വീപ്പർ, പ്യൂൺ, ക്ലർക്ക് തസ്തികകൾ നിലവിലില്ലാത്തതിനാൽ ഹയർ സെക്കന്ററി വിഭാഗത്തിന്റെ പ്രവർത്തനത്തിൽ നിരവധി ബുദ്ധിമുട്ടുകൾ നേരിടുന്നതായും ക്ലീനിംഗ് സ്റ്റാഫിന്റെ അഭാവംമൂലം ക്ലാസ് മുറികളുൾപ്പെടെ വൃത്തിഹീനമായി കിടക്കുന്ന സാഹചര്യവും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഹയർസെക്കന്ററി വിഭാഗത്തിൽ പ്രസ്തുത തസ്തികകൾ സൃഷ്ടിച്ച് നിയമനം നടത്തുവാൻ നടപടി സ്വീകരിക്കുമോ;

**<u>മറുപടി:</u>** സർക്കാർ, എയ്ഡഡ് ഹയർ സെക്കന്ററി സ്കൂളുകളിൽ സ്വീപ്പർ, പ്യൂൺ, ക്ലാർക്ക് എന്നീ തസ്തികകൾ സൃഷ്ടിക്കുന്നത് നിലവിൽ സർക്കാരിന്റെ പരിഗണനയിലില്ല.

**(ബി)** സംസ്ഥാനത്തെ നിരവധി സ്കൂളുകളിൽ കായിക അധ്യാപകരുടെ അഭാവം നിലവിലുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ലഹരി ഉപയോഗം ഉൾപ്പെടെയുള്ള ഗുരുതര സാമൂഹിക പ്രശ്നങ്ങളിൽ നിന്നും അകറ്റുന്നതിന് വിദ്യാർഥികളെ കായിക മേഖലയിലേക്ക് വഴിതിരിച്ചുവിടുന്നത് ഗുണകരമായിരിക്കുമെന്നതിനാൽ എല്ലാ സ്കൂളുകളിലും കായിക അധ്യാപകരെ നിയമിക്കുവാൻ നടപടി സ്വീകരിക്കുമോ?

**<u>മറുപടി:</u>** സംസ്ഥാനത്തെ സ്കൂളുകളിൽ വിദ്യാഭ്യാസ ചട്ടം അനുശാസിക്കുന്ന പ്രകാരം അപ്പർ പ്രൈമറി വിഭാഗത്തിൽ കുട്ടികളുടെ എണ്ണത്തിന്റെ അടിസ്ഥാനത്തിലും ഹൈസ്കൂൾ വിഭാഗത്തിൽ പീരിയഡിന്റെ അടിസ്ഥാനത്തിലും കായികാധ്യാപക തസ്തിക അനുവദിച്ചുവരുന്നുണ്ട്. എല്ലാ സ്കൂളുകളിലും കായികാധ്യാപക തസ്തിക അനുവദിക്കുന്ന വിഷയം നിലവിൽ സർക്കാരിന്റെ പരിഗണനയിലില്ല.

**സെക്ഷൻ ഓഫീസർ**